| GRAMS: KERELECOM<br>E-mail: electionker@gmail.com<br>Website: www.sec.kerala.gov.in | പത്രക്കുറിപ്പ് | TELEPHONE: 0471-2338288,2321233<br>FAX: 0471-2338288<br>0471-2334130 |
| --- | --- | --- |
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | 15th September 2015 |


## തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പ്:

## വോട്ടെണ്ണൽ കേന്ദ്രങ്ങൾ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കി തിരഞ്ഞെടുപ്പ് കമ്മീഷൻ

തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിനുവേണ്ട സ്വീകരണ/വിതരണ കേന്ദ്രങ്ങളും വോട്ടെണ്ണൽ കേന്ദ്രങ്ങളും നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കിക്കൊണ്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശങ്ങൾ നൽകി. ആവശ്യമായ യാത്രാസൗകര്യം, വൈദ്യുതി, കുടിവെള്ളം, ടോയിലറ്റ് സൗകര്യം,ഇന്റർനെറ്റ് വാർത്താവിനിമയ സൗകര്യം എന്നിവ മേൽ ആവശ്യങ്ങൾക്ക് വേണ്ടിയുള്ള കേന്ദ്രങ്ങളിൽ ലഭ്യമാക്കേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്ത് തലത്തിലായിരിക്കും ത്രിതല പഞ്ചായത്തുകളെ സംബന്ധിച്ച് വിതരണ/ സ്വീകരണ/വോട്ടെണ്ണൽ കേന്ദ്രങ്ങൾ നിശ്ചയിക്കുക. ഒരു ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും ഒരു സ്ഥാപനത്തിൽവേണം പ്രസ്തുത കേന്ദ്രങ്ങൾ നിശ്ചയിക്കേണ്ടത്. ഒരു ബ്ലോക്ക് പഞ്ചായ ത്തിനുവേണ്ടി നിശ്ചയിക്കുന്ന സ്ഥാപനത്തിൽ ഓരോ ഗ്രാമപഞ്ചായത്തിനും ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ സൂക്ഷിക്കുന്നതിന് ബ്ലോക്ക് തലത്തിൽ സ്ട്രോങ് റൂമുകൾ ഉണ്ടായിരിക്കണം. ഒരേ കെട്ടിടത്തിലെ അടുത്തടുത്തുള്ള മുറികൾ വേണം ഇതിലേയ്ക്ക് നിശ്ചയിക്കേണ്ടത്. ഇതിനു പുറമെ എല്ലാ പഞ്ചായത്തുകളിലേയും ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളിൽ "കാൻഡിഡേറ്റ് സെറ്റ് " ചെയ്യുന്നതിന് പര്യാപ്തമായ ഒന്നോ അതിലധികമോ ഹാളുകൾ ഉണ്ടായിരിക്കണം. ഓരോ ഗ്രാമപഞ്ചായത്തിലേയും 10-പോളിംഗ് സ്റ്റേഷനുകൾക്ക് ഒരു കൗണ്ടർ എന്ന നിലയ്ക്ക് സ്വീകരണ വിതരണങ്ങൾ നിശ്ചയിക്കുന്നതിന് ആവശ്യമായ മുറികളോ ഹാളുകളോ ലഭ്യമാക്കണം. ഇത്തരത്തിൽ നിശ്ചയിക്കുന്ന സ്വീകരണ വിതരണ കേന്ദ്രങ്ങൾ തന്നെയാണ് വോട്ടെണ്ണൽ കേന്ദ്രങ്ങളായും ഉപയോഗിക്കേണ്ടത്. കൗണ്ടിങ്ങിനു ബ്ലോക്ക് തലത്തിൽ പ്രത്യേക ഹാളുകളോ മുറികളോ ഉണ്ടായിരിക്കണം. സ്വീകരണ/വിതരണ കേന്ദ്രങ്ങ ളായി നിശ്ചയിച്ചിട്ടുള്ള ഹാളുകളും/മുറികളും ഇതിലേയ്ക്കായി ഉപയോഗിക്കാവുന്നതാണ്. എല്ലാ കെട്ടിടങ്ങളും കഴിവതും താഴത്തെ നിലയിലായിരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളെ സംബന്ധിച്ച് ഓരോ സ്ഥാപനത്തിനും പ്രത്യേകം സ്വീകരണ/വിതരണ/വോട്ടെണ്ണൽ കേന്ദ്രമാണ് നിശ്ചയിക്കേണ്ടത്. തിരഞ്ഞെടുപ്പ് സാധനങ്ങൾ സൂക്ഷിക്കുന്നതിനുള്ള സുരക്ഷിതത്വം, വാഹന പാർക്കിംഗ് സൗകര്യം തുടങ്ങിയവ കൂടി പരിഗണിക്കേണ്ടതാണെന്ന് നിർദ്ദേശങ്ങളിൽ പറയുന്നു.

*(എസ്.ഇ.സി. 42/2015)*

## തിരഞ്ഞെടുപ്പ് കമ്മീഷന്റെ ജില്ലാ കളക്ടർമാരുമായുള്ള യോഗം ഇന്ന് (സെപ്റ്റംബർ 16)

തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിന്റെ മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിനായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ വിളിച്ചു കൂട്ടിയിട്ടുള്ള ജില്ലാ കളക്ടർമാരുടെ യോഗം ഇന്ന് (സെപ്റ്റംബർ 16) ഉച്ചയ്ക്ക് ശേഷം 2-മണിക്ക് തൈയ്ക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ ചേരുന്നതാണ്.

*(എസ്.ഇ.സി. 43/2015)*